## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :691** **29.11.2018-ൽ മറുപടിക്ക്**

## സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

**ചോദ്യം** **മറുപടി**

**ശ്രീ.വി.ഡി.സതീശൻ** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇപ്രകാരം എത്ര സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 161 സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള അന്വേഷണവും പരിശോധനയും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിലും പരിശോധനകളിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ക്രിമിനൽ വകുപ്പുകളിൽ ഉൾപ്പെട്ട ക്രമക്കേടുകളിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾക്കായി പോലീസിന് കൈമാറുകയും ചെയ്യുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം രൂപീകരിച്ചിട്ടുളള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പി |

| | | | |
|---|---|---|---|
| | | | ക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ രാഷ്ട്രീയ പരിഗണന വച്ച് സംഭവം ലഘൂകരിക്കുന്നതിനും കുറ്റക്കാരെ രക്ഷിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ ഈ മേഖലയ്ക്ക് ദോഷകരമായതിനാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**